## MATTHEW 13:1-9,18-23

ഏലിയാസ്ലീവാ മൂശാക്കാലത്തിൽ നാം പ്രത്യേകമായി അനുസ്മരിക്കുക നമ്മുടെ കർത്താവിന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനം, സ്ലീവായുടെ പുകഴ്ച, ലോകാവസാനം, അന്ത്യവിധി, സ്വർഗ്ഗീയ ജിവിതത്തിന്റെ മുന്നാസ്വാദനം തുടങ്ങിയസംഭവങ്ങളാണ്. നാം നമ്മെത്തന്നെ ദൈവത്തിനുസമർപ്പിക്കാനും, നമ്മുടെ ജിവിതങ്ങളെ പൂർണ്ണമായി തുറന്ന് പരിശോധിക്കുവാനുമുള്ള കാലഘട്ടം. ആരാധനാവത്സരത്തിലെ ഈ കാലഘട്ടത്തിന്റെ അവസാന ഞായറാഴ്ചയായ ഇന്ന് നമ്മുടെ വിചിന്തത്തിനായി ലഭിച്ചിരിക്കുന്ന സുവിശേഷഭാഗം മത്തായി 8:23-9:8 വരെയുള്ള അത്ഭുതങ്ങളാണ്.

വി. മത്തായിയുടെ സുവിശേഷം 8,9 അധ്യായങ്ങൾ ഈശോയുടെ പത്ത് അത്ഭുതങ്ങൾ വിവരിക്കുന്നത് നമുക്ക് കാണാം. ഇതിനെ ശ്ലീഹാമൂന്നുരീതിയിൽ ക്രമപ്പെടുത്തിയിരിക്കുന്നു. ആദ്യം മൂന്ന് അത്ഭുതങ്ങൾ (8:1-17) തുടർന്ന് ശിഷ്യത്വത്തെ കുറിച്ചുള്ള പ്രബോധനം (8:18-22) വീണ്ടും മൂന്ന് അത്ഭുതങ്ങൾ (8:23-9:8) തുടർന്ന് ശിഷ്യത്വത്തെക്കുറിച്ചുള്ള അദ്ധ്യാപനം, തുടർന്ന് നാല് അത്ഭുതങ്ങൾ (9:18-34). പഴയ നിയമത്തിൽ പുറപ്പാടിന് മുമ്പ് പത്ത് അത്ഭുതങ്ങൾ വിവരിക്കുന്നു. അത് അടിമത്വത്തിൽ നിന്നും വിമോചനത്തിന് ഉതകുന്നവയായിരുന്നു (പുറ 7:8 - 11:10). പുതിയ നിയമത്തിലെ ഈ പത്ത് അത്ഭുതങ്ങൾ പൈശിചിക ബന്ധനത്തിൽ നിന്നും വിശുദ്ധിയുടെ വിഹായുസ്സിലേക്കുള്ള പ്രവേശനത്തിനുതകുന്നതാണ്.

നമുക്ക് ഇന്നത്തെ ചിന്തക്കായി സഭാമാതാവു നല്കിയിരിക്കുന്നത് മിശിഹായുടെ ശിഷ്യത്വത്തെക്കുറിച്ചുള്ള ബോധനം കഴിഞ്ഞു വരുന്ന മൂന്ന് അത്ഭുതങ്ങളെക്കുറിച്ചാണ്. ഇവ മൂന്നിലും പ്രാപഞ്ചിക/പൈശാചിക ശക്തികളെ ബന്ധിച്ച് ശാന്തതയും വിശുദ്ധീകരണവും രൂപപ്പെടുത്തുന്ന ഈശോയെ നാം കാണുന്നു. കൊടുങ്കാറ്റിൽ കടൽ ക്ഷോഭിക്കുന്നത്, പിശാചുബാധിതരായ മനുഷ്യർ, പാപത്താൽ ബന്ധിതനായി തളർവാതരോഗി. ഇവ മൂന്നും പൈശാചികതയുടെ പ്രതീകങ്ങളാണ്. ഈ പൈശാചികതയ്ക്കുമേൽ ഈശോ വിജയം നേടുന്നു. അവിടുന്നു തന്റെ ദൈവീകശക്തി പ്രകടമാക്കുന്നു.

കാറ്റിനെ ശാന്തമാക്കുന്ന അത്ഭുതത്തിലൂടെ ശിഷ്യത്വം/മിശിഹായുടെശിഷ്യനാവുക എന്നത് ലൗകികതയ്ക്കുമേലുള്ള മനുഷ്യാത്മാവിന്റെ വിജയമാണന്നു കാണാം. ലോകത്തിന്റെ ആസക്തികളും പ്രലോഭനങ്ങളും സുഖങ്ങളുമെല്ലാം കടലുപോലെ വിശാലവും ആഴമേറിയതും കൊടുങ്കാറ്റുപോലെ ശക്തവുമാണ്. ഇവ ദൈവീകതയ്ക്കെതിരായ ശക്തിയാണ്. അതിനാൽ നാം അന്ധകാരത്തിന്റെ

ശക്തികളെ തകർത്ത് വെളിച്ചത്തിന്റെ പുത്രീപുത്രൻമാരായിത്തീരാൻ പരിശ്രമിക്കണം. അവിടുത്തെ അനുഗമിക്കുന്നവൻ തന്നെത്തന്നെ പരിത്യജിക്കണം. ലൗകീകത വെടിയാത്തവനെ ഈശോയുടെ ശിഷ്യനാവുക സാധ്യമല്ല.

വീണ്ടും നമ്മുടെ ചിന്തകളെ ഈ അന്യൂനതകളിലേക്ക് കടത്തിവിടുമ്പോൾ മത്തായി സുവിശേഷകന്റെ വീക്ഷണത്തിൽ തോണി എന്ന പ്രതീക സഭയെ പ്രതിനിധാനം ചെയ്യുന്നു. സഭയുടെ അമരത്ത് ഈശോ ഉറങ്ങുന്നു. മിശിഹാ നമ്മുടെ തോണിയുടെ അമരത്ത് ഉണ്ടെങ്കിൽ നാം ഒന്നിനെയും ഭയപ്പെടേണ്ട കാര്യമില്ല. കാരണം അവിടുന്ന് എല്ലാം അറിയുന്നു. ഈശോ തോണിയുടെ അമരത്ത് ഉറങ്ങുന്നതായി സുവിശേഷകൻ പറയുന്നു. ദൈവത്തിലുള്ള പൂർണ്ണമായ വിശ്വാസത്തിന്റെയും ആശ്രയത്തിന്റെയും പ്രതീകമാണ് ശാന്തമായ ഈശോയുടെ ഈ ഉറക്കം.

ഈശോയെ വിളിച്ചപേക്ഷിക്കുന്ന ശ്ലീഹാൻമാരുടെ വിശ്വാസക്കുറവിനെ അവിടുന്ന് കുറ്റപ്പെടുത്തുന്നു. അല്പവിശ്വാസികളെ എന്നു വിളിച്ച് അവിടുന്ന് ശാസിക്കുന്നു. കാരണം അല്പ വിശ്വാസം എന്നത് പ്രവർത്തിക്കാൻ സാധിക്കാത്തവിധം തളർന്നു കിടക്കുന്നതാണ്. പക്ഷെ ഇതിൽ മാനസാന്തരത്തിനുള്ള സാധ്യതയുണ്ട്. അതിനാൽ നമ്മിലെ വിശ്വാസത്തിന്റെ കനലിനെ ഊതി ജ്വലിപ്പിക്കുവാൻ സന്നദ്ധരാകുമ്പോൾ നമ്മിലെ അൽപ വിശ്വാസം ആളിക്കത്തി അതിന്റെ പൂർണ്ണതയിൽ എത്തുവാൻ സഹായകമാകും. ജീവിതത്തിലെ ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വിഷമതകളുമെല്ലാം ഈശോയെ വിളിച്ചപേക്ഷിക്കാൻ ്അവിടുന്ന് തരുന്ന കൊടുംങ്കാറ്റുകളാണ് എന്ന വസ്തുത നാം മനസ്സിലാക്കണം. സാധകന്റെ സഞ്ചാരം എന്ന ഗ്രന്ഥത്തിൽ ഗ്രന്ഥകർത്താവ് പറയുന്നു. `ഈശ്വരൻ ഓരോ സംഗതിയും സംഭവിക്കാൻ ആജ്ഞാപിക്കുന്നത് മനുഷ്യന്റെ തുണയ്ക്കും മോചനത്തിനും വേണ്ടിയാകുന്നു. ജീവിത യാത്രയിലെ സമ്മർദ്ദങ്ങൾ ദൈവത്തിന് നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കാനുള്ള സാഹചര്യങ്ങളായി നാം മനസ്സിലാക്കണം. യാഥാർത്ഥ്യത്തെ അല്ലാതെ നിഴലിനെയാണോ നാം പിൻതുടർന്നത് എന്ന ചിന്ത നമ്മെ അലട്ടരുത്. കർത്താവേ അങ്ങിലുള്ള എന്റെ വിശ്വാസം വർദ്ധിപ്പിക്കണമേ എന്ന് നമുക്ക് നിരന്തരം പ്രാർത്ഥിക്കാം.

പിശാചുബാധിതരെ സുഖപ്പെടുത്തുന്ന അത്ഭുതത്തിന്റെ സാരാംശം പൈശാചികതയിൽനിന്നുള്ള മോചനം എന്ന വസ്തുത തന്നെയാണ് വിവക്ഷിക്കുന്നത്. മാനസിക വിഭ്രാന്തിയാണ് ഇവിടെ പ്രകയമാകുന്നത്. പിശാചുബാധിതർ രണ്ടു കാര്യങ്ങൾ ഏറ്റുപറയുന്നു. ഈശോ ദൈവപുത്രരാണെന്നും തങ്ങൾ അശുദ്ധരാണ് (പന്നികളെപ്പോലെ) എന്നും. കാക്കകളോട് കൂട്ടുകൂടുന്നവനെ കാക്ക എച്ചിൽ കൂനയിൽ എത്തിക്കും. അരയന്നത്തോടു കൂടുന്നവനെ അതു സദസ്സിലേക്കാനയിക്കുന്നു. പിശാചിനെ വെടിഞ്ഞ് ദൈവത്തോട് കൂട്ടുകൂടാൻ പരിശ്രമിക്കാം. കാരണം ചീത്ത

വൃക്ഷത്തിന് നല്ല ഫലമോ, നല്ല വൃക്ഷത്തിന് ചീത്ത ഫലമോ പുറപ്പെടുവിക്കാൻ സാധിക്കുകയില്ല. ഇന്നത്തെ ലേഖനത്തിൽ വായിച്ചു കേട്ടതുപോലെ `സ്വന്തം ജഡത്തിനായി വിതയ്ക്കുന്നവൻ ജഡത്തിൽ നിന്നും നാശം കൊയ്തെടുക്കും. ആത്മാവിനായ് വിതയ്ക്കുന്നവനാകട്ടെ ആത്മാവിൽ നിന്ന് നിത്യജീവൻ കൊയ്തെടുക്കും (ഗലാ 6:8).

തളർവാതരോഗിയെ സുഖപ്പെടുത്തുന്ന അത്ഭുതത്തിലും നാം കാണുന്നത് ഈശോ അവന് ആന്തരീകവും ബാഹ്യവുമായ സൗഖ്യം നൽകുന്നതാണ്. പാപങ്ങൾ മോചിക്കുവാനുള്ള മനുഷ്യപുത്രന്റെ അധികാരത്തെ ദൈവദൂഷണം എന്നുപറഞ്ഞ് യഹൂദർ വിമർശിച്ചപ്പോൾ ഈശോ തന്റെ അധികാരത്തെ ദൃഢപ്പെടുത്തുന്നു. ജനങ്ങൾ പ്രതീക്ഷിച്ചത ് ശാരീരികമായ രോഗശാന്തിയാണ്. പക്ഷെ ഈശോ തളർവാത രോഗിക്ക് നൽകിയത് പാപമോചനമാണ്. കാരണം അവിടുത്തേക്കറിയാം ആത്മാവിന്റെ രോഗത്തിന് ശരീരത്തിൽ ചികിത്സിച്ചാൽ പോര എന്ന്. മിശിഹാ തന്റെ പാപമോചനാധികാരം സഭയ്ക്ക് കൈമാറി. അത് ഇന്ന് വൈദികരിലൂടെ തുടരുന്നു.

നമ്മുടെ ബാഹ്യമായ പല രോഗങ്ങൾക്കും കാരണം ആത്മാവിന്റെ രോഗാവസ്ഥയാണ്. മനസ്സ് ശാന്തമാകുമ്പോൾ ശരീരം ആരോഗ്യകരമായിത്തീരും. അതിനാൽ ഒരു കാര്യം നാം ഓർമ്മയിൽ സൂക്ഷിക്കുക. പാപം ക്ഷമിക്കപ്പെടുന്നതുവരെ രോഗം സുഖമാക്കപ്പെടുകയില്ല.

നാം ധ്യാനിച്ച മൂന്ന് അത്ഭുതങ്ങളിലും നമുക്ക് ദർശിക്കാൻ സാധിക്കുന്നത് ലൗകീക/പൈശാചിക കടന്നാക്രമണത്തെ വിജയിക്കുന്ന ദൈവീകശക്തിയെയാണ്. കൊടുംകാറ്റിന്റെ രൂപത്തിൽ ബാഹ്യമായും, പിശാചുബാധിതരിൽ മാനസികമായും തളർവാത രോഗിയിൽ ബാഹ്യവും, ആന്തരീകമായും പിശാച് ആധിപത്യം നടത്തുന്നു. നമ്മുടെ ജീവിതത്തിന്റെ ഓരോ സാഹചര്യങ്ങളിലും ഈശോ ഓരോ രീതിയിൽ പ്രവർത്തിക്കുന്നു. സഹായകനായി, ആശ്വാസദായകനായി, ഈവിടെ നാം ചിന്തിക്കേണ്ടത് ഈ സഹായത്തിലും, ആശ്വാസത്തിലുമൊക്കെയുള്ള എന്റെ വിശ്വാസം എത്രമാത്രം ആഴപ്പെട്ടതാണ് എന്നാണ്. നമ്മുടെ ജീവിതത്തെ സന്തോഷപ്രദവും, ദു:ഖപൂർണ്ണവുമൊക്കെയാക്കുന്നത് നാം തന്നെയാണ്. അത് നമ്മുടെ സമീപനരീതിയെ ആശ്രയിച്ചിരിക്കും.

ബൈബിളിലെ അത്ഭുതങ്ങൾക്ക് വിസ്മയത്തിന്റെ അംശമല്ല ഉള്ളത് മറിച്ച് അടയാളത്തിന്റെ അംശമാണ്. കാരണം അവ മറ്റൊരു യാഥാർത്ഥ്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. ദൈവീകശക്തിയുടെ പ്രവർത്തനമാണ് ഓരോ അത്ഭുതവും. ഇവയെല്ലാം ദൈവരാജ്യ ആഗമനത്തെ സ്ഥിരീകരിക്കുക, പൈശാചികതയെ ബന്ധിക്കുക തുടങ്ങിയ യാഥാർത്ഥ്യങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പ്രിയ സഹോദരങ്ങളെ നമുക്ക് ദൈവത്തോട് പ്രാര്‍ത്ഥിക്കാം, നല്ല തീരുമാനങ്ങള്‍ എടുക്കാം. 'ലൗകീകത വെടിഞ്ഞ് ദൈവീകതയിലേക്ക് തിരിയുവാന്‍ എന്നെ ശക്തിപ്പെടുത്തണമേ. അതിനായി എന്നിലെ ദൈവവിശ്വാസത്തിന്‍റെ തീക്കനലിനെ ജ്വലിപ്പിക്കണമേ.' ഏശയ്യാ പ്രവാചകന്‍റെ പുസ്തകത്തില്‍ നിന്ന് ശ്രവിച്ച വചനംപോലെ ഭയപ്പെടേണ്ട ഞാന്‍ നിന്നോടുകൂടെയുണ്ട്, സംഭ്രമിക്കേണ്ട ഞാനാണ് നിന്‍റെ ദൈവം (41:10) എന്ന വചനത്തില്‍ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് പൈശാചികത നിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞു കളഞ്ഞ് വിശുദ്ധിയുടെ പുതിയ മനുഷ്യനെ ധരിക്കുവാന്‍ എന്നെ ശക്തിപ്പെടുത്തണമേ. എന്‍റെ പാപങ്ങള്‍ മോചിച്ച് എന്നെ ആരോഗ്യവാനാക്കിത്തീര്‍ക്കേണമേ.'

ബ്ര. ചെറിയാന്‍ കക്കുഴി